# Little KITEs KUMMIL MAGAZINE

# തളിർ



# ലഹരിയും

# മനുഷ്യനും

സമൂഹം നേരിടേണ്ടി

വരുന്ന ഒരു പ്രശ്നമാണ് ലഹരി. ലഹരികൾ

വിവിധ തരത്തിലുണ്ട് അതിൽ ഏറ്റവും

അപകടകാരികൾ മദ്യം,മയക്കുമരുന്ന്

തുടങ്ങിയവയാണ്.ലഹരികൾ പലതും നമ്മുടെ

ജീവിതത്തെ കൊന്നുതീർക്കുകയാണ്.ലഹരികൾ

രണ്ട്തരത്തിലുണ്ട്.നല്ല ലഹരികളും ചീത്ത

ലഹരികളും.നല്ല ലഹരികൾ എന്നത് സൗന്ദര്യ

ലഹരിപോലുള്ളതാണ്.പ്രകൃതിയുടെ സൗന്ദര്യം

ആസ്വദിക്കുന്ന എത്ര പേരാണ് നമ്മുടെ

സമൂഹത്തിലുള്ളത്.പക്ഷേ അപകടകാരികളായ

ജീവിതം തകർക്കുന്ന ലഹരികൾ നാം

ഉപേക്ഷിക്കണം.മദ്യവും മയക്കുമരുന്നും

ഉപയോഗിച്ച് സമൂഹത്തിനും നാടിനും വീടിനും നാശം വിതക്കുന്നവർ എത്ര പേരാണ്? ലഹരി എന്നത് നമ്മളെ ആകർഷിക്കുന്ന എന്തുമാകാം.മദ്യവും മയക്കുമരുന്നും ആകർഷിക്കുന്നവർ ലഹരി എന്ന മരണക്കിണറിലേക്ക് പോവുകയാണ്

ലഹരിഉപയോഗിക്കുന്ന ആളുകളുടെ മക്കളും ഭാര്യയും സഹിക്കേണ്ടി വരുന്ന ദുരിതങ്ങൾ ഏറെയാണ്.ക്യാൻസർപോലുള്ള മാരകരോഗങ്ങൾ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ജീവിത ശൈലി രോഗങ്ങളാണ്.ക്യാൻസർ ജീവനും  സ്വത്തിനും ഭീഷണിയാകുന്ന ഒന്നാണ്. അതിനാൽ ക്യാൻസർ വരാതെ സൂക്ഷിക്കണം.അതിനാൽ ലഹരി വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.ലഹരി വസ്തുക്കളുടെ ഉപയോഗം കരൾ,ശ്വാസകോശം,വൃക്ക തുടങ്ങിയ

അവയവങ്ങളുടെ പൂർണ്ണമായും പ്രവർത്തന രഹിതമാക്കുന്നു.

ശ്വാസകോശത്തെ ഏറ്റവും വേഗത്തിൽ തകർക്കുന്ന ഒന്നാണ് പുകയില.പുകയിലയുടെ ഉപയോഗം ശ്വാസകോശാർബുദം ബ്രോങ്കൈറ്റിസ് എംഫീസീമ തുടങ്ങിയ മാരഗ രോഗങ്ങൾക്ക് കാരണമാകുന്നു.പുകയിലയിൽ അടങ്ങീയിരിക്കുന്ന അർബുദകാരികൾ ശ്വാസകോശാർബുദത്തിന് കാരണമാകുന്നു.പുകയിലയിലെ ടാർ,കാർബൺ, മോണോക് സൈഡ്  തുടങ്ങിയവ വായുഅറകളിൽ ശ്ലേഷ്മം അടിഞ്ഞുകൂടി രോഗാണുക്കൾ പെരുകി ശ്വസകോശത്തിന് വീക്കം ഉണ്ടാകുന്നതിനും കാരണമാകുന്നു.ഈ അവസ്ഥയാണ് ബ്രോങ്കൈറ്റിസ് പുകയില വിഷപദാർഥങ്ങൾ വായുഅറകളുടെ ഇലാസ്തികത നശിപ്പിക്കുന്നതു മൂലം അവ പൊട്ടുന്നു.ഇത് ശ്വസന

പ്രതല വിസ്തീർണം കുറയ്ക്കുന്നതിനും വൈറ്റൽ കപ്പാസിറ്റികുറയുന്നതിനും കാരണമാകുന്നു.ഈ രോഗമാണ് എംഫീസീമ

"Drugs not only waste your money but also waste your life".ഡ്രഗ്സ് നമ്മുടെ പൈസ ഒരിക്കലും നഷ്ടപ്പെടുത്തുന്നില്ല.പക്ഷേ അത് പാഴാക്കുന്നത് നമ്മുടെ ജീവിതമാണ്.ആ സത്യം തിരിച്ചറിഞ്ഞ് മദ്യത്തിനോടും മയക്കുമരുന്നിനോടും ജീവിതം തകർക്കുന്ന എല്ലാ ലഹരിയോടുംനാം തിരിച്ചുപ്രതികരിക്കണം.അതിൽനിന്നും വിമുക- തരായി വേണം നാം പ്രതികരിക്കാൻ.ഒരു വീട്ടിൽ ഒരച്ഛൻ മദ്യപിക്കുന്നുണ്ടെങ്കിൽ ഇത് കണ്ട് വളരുന്ന മകനും അച്ഛന്റെമാർഗം തന്നെ തിരഞ്ഞെടുക്കും. ആ കുടുംബം തന്നെ ലഹരിക്കടിമപ്പെടും.മൂന്നുപേർ മാത്രമുള്ള ഒരു വീട് അമ്മയും അച്ഛനും ഒരു മകനും. അച്ഛൻ കടുത്ത മദ്യപാനിയാണ്.അച്ഛന്റെ മാർഗം

തന്നെ മകനും തിരഞ്ഞെടുത്തു.അപ്പോൾ അഛനും മകനും കടുത്ത മദ്യപാനികൾ.അതിനിടയിൽ ഒരാളുണ്ട് ഭാര്യയും അമ്മയുമായ ഒരു സ്ത്രീ.നാം നന്നായാൽ നമ്മുടെകുടുംബം നന്നാകും കുടുംബങ്ങൾ നന്നായാൽ നമ്മുടെ നാട്നന്നാകും. നാട് നന്നായാൽ സമൂഹം നന്നാകും സമൂഹം നന്നായാൽ നമ്മുടെ ലോകം തന്നെ നന്നാകും. ഒരാൾ മാത്രം വിചാരിച്ചാൽ ചിലപ്പോൾ നന്നാകണമെന്നില്ല.പക്ഷേ ഒരായിരം പേർ വിചാരിച്ചാലോ?

കുട്ടികളിലും കൗമാരക്കാരിലും ലഹരി ഇപ്പോൾ വളർന്നു വരുകയാണ്.സ്കൂളുകൾ അതിനായുള്ളൊരു മാധ്യമമായാണ് അവർ കാണുന്നത്. കുട്ടികളിൽ ഈ ശീലം മുതിർന്നവരിൽ നിന്നുമാണ് വരുന്നത്.മോശം ജീവിതസാഹചര്യങ്ങൾ, മാതാപിതാക്കളുടെ

അറിവില്ലായ്മയും നിരക്ഷരതയും ചീത്തകൂട്ട്കെട്ടുകളും തുടങ്ങിയവ കുട്ടികളെ ലഹരിയിലേക്ക് നയിക്കുന്നു. മാതാപിതാക്കൾക്ക് കുട്ടികളുടെ കാര്യത്തിൽ നല്ല ശ്രദ്ധ വേണം ഒപ്പം അദ്ധ്യാപകർക്കും. പുകവലിയിൽ തുടങ്ങിയാകും കുട്ടികളിൽ ലഹരി എന്ന കയർ വീഴുന്നത്. പിന്നെയാണ് മദ്യപാനം മയക്കുമരുന്ന് തുടങ്ങിയവ മരണത്തിലേക്ക് വരെ നയിക്കുന്നു.
ഈ സാഹചര്യങ്ങൾ നാം ശ്രദ്ധിച്ചാൽ തടയാവുന്നതാണ്.

നാം ലഹരി എന്ന ചതിക്കുഴിയിൽ അറിയാതെ പോലും വീണുപോകരുത്.അഥവാ വീണാൽ തന്നെയും അതിൽ നിന്നും എത്രയും പെട്ടെന്നു തന്നെ സുരക്ഷിതരാവുകയും വേണം.നമ്മുടെ പരിചയത്തിലോ വീട്ടിലോ,നാട്ടിലോ തന്നെ

ആരങ്കിലും ലഹരിക്കടിമപെടുന്നവരുണ്ടങ്കിൽ

അതിൽ നിന്നും അവരെ പിന്തരിപ്പിക്കാൻ

ശ്രുമിക്കണം.എങ്കിൽ നാം ചെയ്യുന്ന പുണ്യ

പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചത്

അതായിരിക്കും.ചീത്തകൂട്ടുകെട്ടുകൾ പലതും

ഒഴിവാക്കണം.നമ്മെ നേർവഴിയിലേക്ക്

നയിക്കുന്നയാളെ നമ്മുടെ കൂട്ടുകാരായി

തിരഞ്ഞെടുക്കണം.നാം എല്ലാവരും

ലഹരിക്കെതിരെ പോരാടണം

നല്ലൊരു നാളേയ്ക്കായ്

ഹൈനസ്.എൻ.ജെ




[Little Kites]

# സൈബർ



# കുറ്റകൃത്യങ്ങൾ

കമ്പ്യൂട്ടർ,മൊബൈൽഫോൺ,ഇന്റർനെറ്റ്
തുടങ്ങിയവ ആധുനികവിവരങ്ങളുടെ
സഹായത്താൽ ചെയ്യുന്ന നിയമ വിരുദ്ധം
പ്രവർത്തനങ്ങളാണ് സൈബർ

കുറ്റകൃത്യങ്ങൾ.ഒരാളുടെ സ്വകാര്യതയെ
ഹനിക്കുന്നതോ അപകടത്തിൽ
പെടുന്നതോ

ആയസന്ദേശങ്ങൾ

,ചിത്രങ്ങൾ

,വ്യാജസന്ദേശങ്ങൾ,ദേശസുരക്ഷയെ ഹനിക്കൽ എന്നിവ ഇന്റർനെറ്റിലൂടെയൊ സാമൂഹികമാധ്യമങ്ങളിലൂടെയൊ കൈമാറ്റം ചെയ്യുന്നതും പ്രചരിപ്പിക്കുന്നതും അതീവഗൗരവമുള്ള സൈബർ കുറ്റകൃത്യങ്ങളാണ്

**ക്രാക്കിങ്:**-ദുരുദ്ദേശ്യത്തോടെ കമ്പ്യൂട്ടറിലോ കമ്പ്യൂട്ടർ ശൃംഗലയിലോ ആക്രമിച്ച് കയറി അതിലെ വിവരങ്ങൾ തകരാറാക്കുന്ന ദുഷ്പ്രവർത്തിയാണ് ക്രാക്കിങ്.

## ഫിഷിങ്:-പാസ് വേഡ്

വിവരങ്ങൾ ക്രഡിറ്റ് കാർഡ് വിവരങ്ങൾ

തുടങ്ങിയവ അതീവ സുരക്ഷം വ്യക്തിഗത

വിവരങ്ങൾ വ്യാജമാർഗങ്ങളിലൂടെ

വ്യക്തികളെട തെറ്റിതരുപ്പിച്ച്

ചോർത്തിയെടുക്കുന്ന ഒരു തരം തട്ടിപ്പ്.

## സൈബർ സ്ക്വാട്ടിങ്:-

ഔദ്യോഗിക വെബസൈറ്റിനു

തെറ്റിദ്ധരിപ്പിച്ച് വ്യജവെബ്സൈറ്റുകളും

വിലാസങ്ങളും

തയ്യാറാക്കുന്നപ്രവർത്തനമാണിത്

**പോണോഗ്രാഫി:-** അശ്ലീല ചിത്രങ്ങളും മറ്റും പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം

## സൈബർടെറ്റിസം:-

ദേശസുരക്ഷരാജ്യത്തിന്റെ

ഏകത,പരമാവധികാരം എന്നിവയ്ക്ക എതിരെ സൈബർ സാങ്കേതിക വിദ്യ ഉപയോഗിച്ച് നടത്തപെടുന്ന പ്രവർത്തനമാണിത്.

# സൈബർ നിയമങ്ങൾ

2000 ഒക്ടോബർ 17 ന് ഇന്ത്യ നിലവിൽ

വന്ന നിയമമമാണ്. ഐ.ടി ആക്ട് 2009

ഒക്ടോബർ 27 ന് ഈ നിയമം

ഭേദഗതിചെയ്തു.

ഹൈനസ്.എൻ.ജെ

[kite]